# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## ജി എൽ പി എസ് പൂവത്തൂർ

നെടുമങ്ങാട് നഗരസഭ



"Rooted in Values, Rising to Excellence."

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# ജി എൽ പി എസ് പൂവത്തൂർ

നെടുമങ്ങാട് നഗരസഭ

നെടുമങ്ങാട് ഉപജില്ല

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല

തിരുവനന്തപുരം റവന്യൂ ജില്ല

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

# സ്കൂൾ തല തനതായ പ്രവർത്തനങ്ങൾ

## 1. അറിവിൻ നിറവ്.

കുട്ടികളിൽ പൊതുവിജ്ഞാനം വളർത്താനായി എല്ലാ ദിവസവും ചോദ്യങ്ങൾ നൽകുന്നു. ഈ ചോദ്യങ്ങൾ ഉൾപ്പെടുത്തി മാസാന്ത്യ ക്വിസ് മത്സരവും വർഷാന്ത്യ മത്സരവും നടത്തുന്നു.

## 2. Spell Star Competition.

**This is a programme aimed at enhancing vocabulary in children. Every day, one word along with a sentence using that word is introduced. A related competition is conducted every month. At the end of the academic year, a Spell Star Competition will be conducted.**

## 3.അന്വേഷിക്കാം കണ്ടെത്താം.

കുട്ടികളിൽ ഗവേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കുന്നതിനായിട്ടുള്ള പരിപാടി. കുട്ടികൾക്ക് എല്ലാ മാസവും ഒരു വിഷയം നൽകുന്നു.20 പേജിൽ ഒരു പ്രോജക്റ്റ് തയ്യാറാക്കി കുട്ടികൾ അത് സ്കൂളിൽ അവതരിപ്പിക്കുന്നു.

**4. പഠനവീഥി** - പഠന പിന്നാക്കാവസ്ഥ ഉള്ള കുട്ടികൾക്ക് മുന്നോട്ട് പോകാൻ വഴിയൊരുക്കുന്ന പദ്ധതി. ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികളിൽ പഠന പിന്നാക്ക അവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി സ്കൂൾ സമയത്തിനുശേഷം അവർക്ക് വേണ്ട പഠന പിന്തുണ നൽകുന്ന പരിപാടി

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- 🌸 Respond to simple instructions in the classroom.
- 🌸 Describe orally about the pictures and objects.
- 🌸 Familiarise with simple words.
- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June

- 🌸 Introduce symbol words.
- 🌸 Provides picture cards.

July

- 🌸 Identify familiar words.
- 🌸 Say familiar words.
- 🌸 Read familiar words.
- 🌸 Write familiar words.

August

- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Describes orally about pictures and objects using adjectives.

September

- 🌸 Read and write simple words and Simple sentences
- 🌸 Provides picture cards and reading cards.

October

- 🌸 Introduce symbol picture descriptions.
- 🌸 Make word chain, sentence chain.
- 🌸 Make riddles.
- 🌸 Describing words, rhyming words.
- 🌸 Text book activities.

November

- 🌸 Prepare reading cards.
- 🌸 Provide more opportunities to read, right and speak English.
- 🌸 Writes five English words daily.

December

- 🌸 Read and understand simple instructions in the classroom.
- 🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു,  ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ  ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# പ്രവർത്തനക്കലണ്ടർ

| | | |
|---|---|---|
| 1 | മലയാളമാധുര്യം | ജൂൺ -മാർച്ച് |
| 2 | The English Ladder | ജൂൺ -മാർച്ച് |
| 3 | അറിവിൻ നിറവ് | ജൂൺ -മാർച്ച് |
| 4 | സംയുക്ത ഡയറി | ജൂൺ -മാർച്ച് |
| 5 | പാട്ടാരങ്ങ് | ജൂൺ -മാർച്ച് |
| 6 | റീഡേഴ്സ് തീയേറ്റർ | ജൂൺ -മാർച്ച് |
| 7 | ക്ലാസ്സ് പത്രം | സെപ്റ്റംബർ -മാർച്ച് |
| 8 | എഴുത്തുത്സവം | സെപ്റ്റംബർ -മാർച്ച് |
| 9 | ഭാഷോത്സവം | സെപ്റ്റംബർ -മാർച്ച് |
| 10 | മധുരഗണിതം | ജൂൺ -മാർച്ച് |
| 11 | Hands on fun കലാപഠനം-പ്രവൃത്തിപരിചയം | ജൂൺ -മാർച്ച് |
| 12 | Healthy Kids ആരോഗ്യകായിക വിദ്യാഭ്യാസം | ജൂൺ -മാർച്ച് |
| 13 | സർഗ്ഗോത്സവം-ബാലസഭ | ജൂൺ -മാർച്ച് |
| 14 | "Better Me-Good thoughts ,Good Actions."സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതി | ജൂൺ -മാർച്ച് |
| 15 | പ്രകൃതിനടത്തം&ഫീൽഡ്ട്രിപ്പ് | പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തി |
| | | |
| | | |
| | | |
| | | |
| | | |

Scanned with OKEN Scanner

## മലയാള മാധുര്യം

മാതൃഭാഷയായ മലയാളത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം. സ്വതന്ത്ര വായന, രചന ഭാവാത്മകത സർഗ്ഗശേഷി എന്നിവ വർദ്ധിപ്പിക്കുക ലക്ഷ്യം. പാഠപുസ്തക വായന ലൈബ്രറി പുസ്തക വായന പത്രവാർത്ത വായന, സർഗാത്മക ഡയറി മറ്റ് ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കണം.

## The English Ladder

**To help children overcome the fear of English and improve their speaking and writing skills, our school is launching the English Empowerment Program. This initiative focuses on building confidence, enhancing communication abilities, and making English learning an enjoyable experience. To help children overcome the fear of English and improve their speaking and writing skills, our school is launching the English Empowerment Program. This initiative focuses on building confidence, enhancing communication abilities, and making English learning an enjoyable experience.**

**Activitie.**

1. Role Play games
2. Classroom Conversations
3. Hello Wednesday
4. Word of the Day
5. English Basket
6. Show and Tell
7. Story Building Chain
8. English Corner
9. Picture Talk
10. Pair Talk
11. Interview a Friend
12. Spell Star Competition
13. Tongue Twister Challenge
14. Action Songs in English
15. Simple News Reading
16. English Quiz Time
17. Creative Writing (Short stories, Diary entries)
18. Letter Writing Practice
19. Poem Recitation
20. Story Dramatization

## സംയുക്ത ഡയറി:

ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു.കുട്ടിയുടെ സർഗാത്മക രചന പോഷിപ്പിക്കുന്നു. ലളിതമായ രചനയിലൂടെയും വരയിലൂടെയും സ്വതന്ത്ര രചനയിലേക്ക് കുട്ടികളെ എത്തിക്കാം.

**പാട്ടരങ്ങ്**

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കാനും കഴിയുന്നു പിന്നെ നിലവാരക്കാരെയും കൂടി പരിഗണിച്ച് ഒറ്റയ്ക്കും സംഘമായും ഈ പ്രവർത്തനം ചെയ്യാം.

**റീഡേഴ്സ് തിയേറ്റർ**

മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കി മാറ്റാം. ലഘു വിവരണങ്ങൾ, കഥകൾ,കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയും. മികച്ച അവതാരകരെ സ്കൂൾതല സഭകളിലും പരിപാടികളിലും പങ്കെടുപ്പിക്കണം.

**ക്ലാസ് പത്രം**

ഭാഷാ പഠനവുമായി ബന്ധപ്പെട്ട ഒരു പഠനം തന്ത്രമാണിത് ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു. ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള കഴിവ് ഇതിലൂടെ നേടും. രചനാശേഷി പരിപോഷിപ്പിക്കുന്നു. ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് നൽകി എഴുതാൻ കഴിയണം.

**എഴുത്തുത്സവം/ഭാഷോത്സവം**

രണ്ടാം ക്ലാസിലെ കുട്ടികൾ കഥ കവിത ഡയറി ക്ഷണക്കത്ത് സംഭാഷണം വിവരണം etc തുടങ്ങിയ വ്യവഹാര രൂപങ്ങൾ നിർമ്മിക്കാനും അവതരിപ്പിക്കുന്നതും ആണ് ലക്ഷ്യം. എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തണം. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാനും എഴുതാനും കഴിയണം. ഭാഷാപഠനം അനുഭവാധിഷ്ഠിതമാ ക്കുന്നതിന് കഴിയണം. ആശയങ്ങളെയും അനുഭവങ്ങളെയും വിവിധ വ്യവഹാര

രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയണം ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്താൻ കഴിയണം.

**മധുരഗണിതം**

രണ്ടാം ക്ലാസിലെ കുട്ടികൾക്ക് സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം ഗുണനം പ്രശ്നപ്രശ്നം എങ്ങനെയുള്ള കഴിവുകൾ ഉറപ്പിക്കാനുള്ള പ്രവർത്തനം. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഉല്ലാസ ഗണിത രൂപത്തിൽ അവതരിപ്പിക്കുന്നു.

**Hands of Fun: കലാപഠ നം പ്രവൃത്തി പരിചയം**

കലാ.-പ്രവൃത്തി പരിചയ പിരീഡുകളിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരമായ വളർച്ചയ്ക്ക് ഇത് സഹായിക്കുന്നു. കുട്ടികളുടെ ക്രിയാത്മകത വൈകാരികത സർഗാത്മകത എന്നിവയുടെ പരിപോഷണത്തിനു പ്രാധാന്യം നൽകുന്നു.

**Healthy Kids- ആരോഗ്യ കായിക വിദ്യാഭ്യാസം**

കായിക ക്ഷമതയും ആരോഗ്യവും വ്യായാമ ശീലങ്ങളും പരിപോഷിപ്പിക്കുന്നതിന് വേണ്ടി കുട്ടികളുടെ പ്രായത്തിന് അനുയോജ്യവും വൈവിധ്യവുമായ പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികളുടെ ശരീരപരിപാലനത്തിനും ഏകോപനത്തിനും വേണ്ട ശേഷികൾക്ക് പുറമേ പരിസ്ഥിതി സൗഹൃദ കളികൾ സഹകണാത്മക കളികൾ എന്നിവയും ഉൾപ്പെടുത്തുന്നു. അക്കാദമിക പ്രവർത്തനത്തോടൊപ്പം കുട്ടികളുടെ കായിക ക്ഷമതയും മെച്ചപ്പെടുത്തുക എന്നുള്ളതാണ് ലക്ഷ്യം.

**സർഗോത്സവം ബാലസഭ**

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനം. കാവ്യാലാപനം നാടൻപാട്ട് കവിത രചന പുസ്തകാസ്വാദനം കഥാരചന അഭിനയം ചിത്രരചന എന്നിങ്ങനെ കുട്ടികൾക്കിഷ്ടപ്പെട്ട കലാരൂപങ്ങൾ എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ രണ്ട് പിരീഡ് കുട്ടികളുടെ നേതൃത്വത്തിൽ തന്നെ സ്കൂൾതലത്തിലും ക്ലാസ് തലത്തിലും അവതരിപ്പിക്കുന്നു.

"**Better me-Good thoughts Good actions "- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

അക്കാദമിക കാര്യങ്ങൾക്കൊപ്പം സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികൾക്ക് വേണ്ട അടിസ്ഥാന അറിവുകൾ നൽകുന്ന പദ്ധതി ജൂൺ ജൂലൈ മാസത്തിൽ ആദ്യഘട്ടം നടപ്പിലാക്കുന്നു. തുറന്നുവരുന്ന മാസം ദിനാചരണങ്ങൾക്കും ക്ലാസ് പ്രവർത്തനങ്ങൾക്കും ഒപ്പവും നൽകുന്നു.

**<u>പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ്</u>**

പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനം. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നു. പ്രകൃതിയെ നേരിൽ കണ്ടു മനസ്സിലാക്കാനും അതിന്റെ വൈവിധ്യങ്ങളും പ്രാധാന്യവും അനുഭവിക്കാനും സംരക്ഷിക്കാനും കഴിയുന്നു. വൃക്ഷങ്ങൾ നദികൾ കാടുകൾ മൃഗങ്ങൾ പക്ഷികൾ, തോട്ടങ്ങൾ വന്യജീവി സങ്കേതങ്ങൾ, ഡാമുകൾ എന്നിവ നിരീക്ഷിക്കുന്നതിലൂടെ ഇവ സംരക്ഷിക്കേണ്ട ആവശ്യകതയും അവബോധവും വളർത്താൻ കഴിയുന്നു.

**<u>ചുമതല</u>**

***അധ്യാപിക***

***രക്ഷിതാക്കൾ***

***PTA***

***BRC***

***SSK***

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

## <u>മലയാളം</u> Std. III

<u>ലക്ഷ്യങ്ങൾ:-</u>

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

<u>ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-</u>

<u>**ജൂൺ - ജൂലായ്**</u>

1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

-
-

**ആഗസ്റ്റ്, സെപ്തംബർ**

2. **പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

**സി പി ടി എ ഒന്നാം മികവുത്സവം**

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

**ഒക്ടോബർ**

**3. മനുഷ്യന്റെ കൈകൾ**

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന് വിഷയം: ഗണിതം

ലക്ഷ്യം: 1

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക |

ലക്ഷ്യം: 2

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>• കളിനോട്ട് , ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം |

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

## ലക്ഷ്യം: 3

## - മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡികണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം |

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വിട്ടിയകത്തും<br>ശാസ്ത്ര മാസികകൾ | | | |

papergrid

Date: / /

# Class 3 EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ. | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് ശേഖരിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങൾ<br>• പൂക്കൾ എന്നിവയെ തിരിച്ചറിയാം.<br>• പരിസ്ഥിതി ദിനാചരണം<br>• [illegible] | S.R.G. |
| ജൂലൈ | • വ്യത്യസ്തരായ ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>• മണ്ണ് നിരീക്ഷണം.<br>• ജൈവവൈവിധ്യ ഉദ്യാനം നിർമാണം<br>- ശേഖരിക്കാവുന്ന ചെടികൾ. | PTA, SRG. |
| വർഷം full | • സ്കൂൾ തോട്ടത്തിന്റെ പ്രവർത്തനങ്ങൾ. | SRG, PTA. |

papergrid

Date: / /

| | | |
|---|---|---|
| ഡിസംബർ | • ദേശീയ ഗണിത ദിനത്തോട് അനുബന്ധിച്ച് ഗണിതശാസ്ത്രജ്ഞരുടെ poster നിർമ്മാണം.<br>• കിരൺ സന്ദർശനം.<br>• മുത്ത് നിർമ്മിതി<br>• മുത്ത് കോർത്ത് രൂപങ്ങൾ നിർമ്മിക്കൽ.<br>• മുത്ത് കോർത്തുള്ള ജ്യാമിതീയ രൂപങ്ങൾ ഒരുക്കൽ.<br>• ശ്രീനിവാസ n ISO രാമാനുജൻ. | SRG. |

papergrid

Date: / /

| | | |
|---|---|---|
| September | · ശുചിത്വ poster നിർമ്മാണം.<br>· സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ.<br>· ആരോഗ്യ ബോധവൽക്കരണ സെമിനാർ.<br>· Interview - ആരോഗ്യ പ്രവർത്തകർ. | - SRG, PTA. |
| October | · ഗാന്ധിജയന്തി - പരിസരം ശുചീകരിക്കൽ.<br>- food festival.<br>· ഉത്തമ ആരോഗ്യ ശീലം - ബോധവൽക്കരണം<br>· BMI കണ്ടെത്തൽ<br>· സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം.<br>· ശരിയായ ഭക്ഷണശീലം - poster. | PTA, MPTA.<br>SRG. |

| | | |
|---|---|---|
| November. | · ആരോഗ്യ വിദഗ്ധരുമായി ക്ലാസ് | – SRG, PTA |
| | · രോഗങ്ങൾ – രോഗ നിവാരണങ്ങൾ | – PTA |
| | · First aid kit തയ്യാറാക്കൽ | |
| | · First aid – Reader's theatre | |
| | · പത്രവാർത്തകൾ – ചിത്ര cuttings ഇവ ശേഖരിക്കണം. | PTA |
| December. | ഭൂഖണ്ഡങ്ങൾ. തിരിച്ചറിയുന്നതിന് – Globe, ICT. | |
| | · ഗ്ലോബ് നിർമ്മാണം. | |
| | · ഭൂമിയുടെ മാതൃക വരയ്ക്കൽ. | |

papergrid

Date: / /

| | | |
|---|---|---|
| | ·ടെക്സ്റ്റിലെ ചിഹ്നങ്ങൾ തിരിച്ചറിയൽ | |
| | ·ഭൂപട വായന. | |
| | ·എന്റെ കേരളം – ചിത്രവായന | |
| | കുറിപ്പ് | |
| | ചോദ്യോത്തരപ്പയറ്റ്. | |
| | ·ഭൂപ്രകൃതി തിരിച്ചറിയൽ – Google map. | |
| January. February | ·ജീവികളുടെ കൂടുകൾ – ചിത്രശേഖരണം. | |
| | ·വ്യത്യസ്തതരം വീടുകൾ – Album. | |
| | ·വീട് നിർമ്മാണ ഘട്ടം – സന്ദർശനം. | SRG, PTA. |
| | ·വ്യത്യസ്തതരം തൊഴിലുകൾ – Survey. | |
| | ·Interviews field visit – [illegible] | SRG. |
| March | പഠനോത്സവം. | PTA, MPTA, SRG, SSK |

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം.. | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

2/5

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ. മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |